## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.555** **03.03.2020-ൽ മറുപടിക്ക്**

## വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് നടപടി

| | ചോദ്യം<br><br>ശ്രീ . വി.കെ.പ്രശാന്ത് | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതുവഴി എത്രത്തോളം പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസരണ നഷ്ടം കുറച്ച് പ്രസരണ മേഖലയുടെ വികസനത്തിന് ശക്തമായ നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചിട്ടുള്ളത്. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണ മേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കി വരുന്നത്. ഈ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി സബ്സ്റ്റേഷനുകളും (കാട്ടാക്കട, അമ്പലത്തറ), പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. നിർമ്മാണം പൂർത്തീകരിച്ച 45 സബ്സ്റ്റേഷനുകളിൽ 36 എണ്ണം പുതിയതായി നിർമ്മിച്ചതും ശേഷിക്കുന്ന 9 എണ്ണം വോൾട്ടേജ് നിലവാരം ഉയർത്തിയവവയുമാണ്. കൂടാതെ 895 കി.മീ പ്രസരണ ലൈനുകളുടെ നിർമ്മാണവും പൂർത്തിയാക്കി. ഇതിനു പുറമെ വിവിധ സബ്സ്റ്റേഷനുകളിലായി |

| | | | |
|---|---|---|---|
| | | | 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 20 സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 2020-21 ഓടുകൂടി 70 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസരണ മേഖലയിൽ 1841.27 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി യിട്ടുണ്ട്. ഇത് സർവ്വകാല റെക്കോർഡാണ്. ഇതിനു പുറമെ കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും, കേരളത്തിനു ള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യു ന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമ മായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10000 കോടി രൂപ മുതൽമുടക്കിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പുരോഗമിച്ചു വരുന്നു. KSEBയുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. |
| (ബി)<br><br><br><br><br>(സി) | വൈദ്യുതി ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കുന്നതിന് കെ.എസ്.ഇ.ബി. യ്ക്ക് പദ്ധതി യുണ്ടോ;<br><br><br>ഉണ്ടെങ്കിൽ ഈ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയു മെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2022 ഓടു കൂടി 2533 km എച്ച്.റ്റി ലൈനും 2380 km എൽ.റ്റി ലൈനും ഭൂഗർഭ കേബിൾ / ഏരിയൽ ബഞ്ചഡ് കേബിൾ/കവചിത കേബിൾ എന്നിവ ഉപ യോഗിച്ച് പുതുതായി നിർമിക്കാനും, നിലവിലുള്ള 1992 കി.മി എച്ച്.റ്റി, ലൈൻ ഏരിയൽ ബഞ്ചഡ് കേബിൾ ഉപയോഗിച്ച് മാറ്റുന്നതിനുമാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. സംസ്ഥാനത്തിലെ പ്രമുഖ നഗരങ്ങളിലെ കാതലായ പ്രദേശങ്ങളിൽ അടുത്ത പത്തു വർഷത്തിനുള്ളിൽ ഉപരിതല വിതരണ ശൃംഖല പൂർണ്ണമായും ഒഴിവാക്കി ഭൂഗർഭ കേബിൾ സ്ഥാപിക്കാനാണ് കെ. എസ്. ഇ. ബി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ഡി) | റിന്യൂവബിൾ ഊർജ്ജ സ്രോതസുകളിൽ നിന്ന് സംസ്ഥാനത്ത് നിലവിൽ എത്ര അളവിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | 2019 ഡിസംബറിലെ കണക്ക് അനുസരിച്ച്, കെ.എസ്.ഇ.ബി. വഴിയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ആകെ സ്ഥാപിത ശേഷി 448 മെഗാവാട്ടും, 2018-19 ലെ ഉത്പാദനം 899.47ദശലക്ഷം യൂണിറ്റും, 2019-20 സാമ്പത്തിക വർഷം ഡിസംബർ വരെയുള്ള ഉത്പാദനം 725.24 ദശലക്ഷം യൂണിറ്റും ആകുന്നു.<br>അനെർട്ട് മുഖേന 38 മെഗാവാട്ട് സൗര നിലയം സ്ഥാപിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.<br>ഇ.എം.സി വഴി സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ 34.5 MW ന്റെ പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പാക്കി കഴിഞ്ഞു.<br>കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്ത് വഴി 3 MW-ന്റെ മീൻവല്ലം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര അക്ഷയ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) സബ്സിഡിയോട്ടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന 134 kW ന്റെ പീക്കോ ജലവൈദ്യുത പദ്ധതികൾ വിവിധ ഉണഭോക്താക്കൾ മുഖാന്തിരം സംസ്ഥാനത്ത് നിർമ്മിച്ച് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞ വൈദ്യുതിയുടെ അളവ് വ്യക്തമാക്കാമോ? | (ഇ) | കെ.എസ്.ഇ.ബി-യുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ ആകെ 6.57 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 15.17 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 61.69 മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്.<br>പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. |

[signature]
സെക്ഷൻ ഓഫീസർ